**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1178** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഒല്ലൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** വിനോദസഞ്ചാര വകുപ്പിന് കീഴിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

**<u>മറുപടി:</u>** വിനോദസഞ്ചാര വകുപ്പിന് കീഴിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

- **ഡെവലപ്മെൻറ് ഓഫ് വിസിറ്റേഴ്സ് ഫെസിലിറ്റീസ് അറ്റ് ഒരപ്പൻകെട്ട് വാട്ടർ ഫാൾ :-** ഒരപ്പൻകെട്ട് ടൂറിസം വികസന പദ്ധതിയുടെ 20% പൂർത്തിയായിട്ടുണ്ട്. നിലവിൽ റീട്ടെയിനിങ് വാൾ, ടിക്കറ്റ് കൗണ്ടർ, ടോയ്ലറ്റ്, ഹാൻഡ്റെയിൽ , റെയിൻ ഷെൽറ്റർ എന്നിവയുടെ പ്രവൃത്തി പുരോഗമിക്കുന്നു.
- **ചിയ്യാരം വാക്കിങ് സ്ട്രീറ്റ് പദ്ധതി:-** ടി പദ്ധതിയുടെ നിർവഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി നാല് തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ആരും തന്നെ ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.
- **ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി:-**വല്ലൂർകുത്ത് വെള്ളച്ചാട്ടം, മാന്ദാമംഗലം, തൃശ്ശൂർ എന്ന പദ്ധതിക്ക് 99,70,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വകുപ്പുമായി എഗ്രിമെൻറ് സമർപ്പിക്കുന്നതിനായി പുത്തൂർ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**